വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി(ശ്രീമതി സുശീലാ ഗോപാലൻ) :

(എ) പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) ഓരോ നിയോജക മണ്ഡലത്തിലും അഞ്ച് ഏക്കറിൽ കുറയാതെ ഭൂമി സൗജന്യമായി ലഭിക്കുന്ന മുറയ്ക്ക് സ്ഥലം എം.എൽ.എ.മാരെയും ബന്ധപ്പെടുത്തി പാർക്കിനുള്ള പ്രവർത്തനങ്ങൾ തുടങ്ങുക എന്നതാണ് പരിപാടി. ഇതുവരെയായി 37 മണ്ഡലങ്ങളിൽ സ്ഥലനിർണ്ണയം നടത്തിയിട്ടുണ്ട്.

(സി) ഇതിനോടകം 55 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ തുക നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ലോക്കൽ ഏജൻസിയായി സിഡ്കോയെ നിയമിച്ചിട്ടുണ്ട്.

(ഇ) 37 നിയോജക മണ്ഡലങ്ങളിൽ പാർക്ക് ആരംഭിക്കുന്നതിനുള്ള സ്ഥലത്തിന് വാഗ്ദാനം ലഭിച്ചിട്ടുണ്ട്. ഇവയിൽ കൈമാറിക്കിട്ടിയ 11 എണ്ണത്തിൽ വികസന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

(എഫ്) പ്രസ്തുത പദ്ധതി തുടങ്ങിക്കഴിഞ്ഞു.

ഭിക്ഷാടകരായ കുട്ടികളെ പുനരധിവസിപ്പിക്കാൻ നടപടി

28 (*118) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 14 വയസ്സിന് താഴെയുള്ള കുട്ടികൾ തലസ്ഥാനത്തും മറ്റ് നഗരങ്ങളിലും അലഞ്ഞു തിരിഞ്ഞും ഭിക്ഷയാചിച്ചും നടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കുട്ടികളെ ചില സാമൂഹ്യവിരുദ്ധർ തട്ടിക്കൊണ്ടുപോയി ഭിക്ഷ യാചിക്കുവാൻ പ്രേരിപ്പിക്കുകയും മോഷണം നടത്താൻ ഉപയോഗിക്കുകയും ചെയ്യുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതേക്കുറിച്ച് പഠനം നടത്തി ഇവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്ത് ഇപ്പോഴും പല ഹോട്ടലുകളിലും ഫാക്ടറികളിലും കുട്ടികളെക്കൊണ്ട് കഠിനാദ്ധ്വാനം ചെയ്യിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി(ശ്രീമതി സുശീലാ ഗോപാലൻ) :

(എ & ബി) ഇതു സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) തലസ്ഥാനത്തും മറ്റു നഗരങ്ങളിലും അലഞ്ഞു തിരിഞ്ഞു നടക്കുന്ന കുട്ടികൾ ഭൂരിഭാഗവും അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കാൻ കഴിഞ്ഞത്. അതുകൊണ്ട് പുനരധിവാസം പ്രായോഗികമല്ല. അലഞ്ഞ് തിരിയുന്ന കുട്ടികൾക്കു വേണ്ടി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ബാലസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ബാലവേല നിയന്ത്രിക്കുന്നതിന് കേരള ചൈൽഡ് ലേബർ (റിലീസ്, റീഹാബിലിറ്റേഷൻ ആന്റ് വെൽഫെയർ) ഓർഡിനൻസ് 2001 സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

സംയോജിത ശിശു വികസന പദ്ധതി പ്രവർത്തനം

29 (*119) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സംയോജിത ശിശുവികസന പദ്ധതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ നാളിതുവരെ പ്രസ്തുത മേഖലയിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) സംയോജിത ശിശുവികസന പദ്ധതിയുടെ മൂന്നാം ഘട്ടം പൂർത്തീകരിച്ചുവോ ;

(സി) സംയോജിത ശിശുവികസന പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ പൂർത്തീകരണത്തോടെ സംസ്ഥാനത്തെ അംഗൻവാടികളിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ സംസ്ഥാനത്തെ അംഗൻവാടികളിലെ വർക്കർമാർ, ഹെൽപ്പർമാർ എന്നീ തസ്തികകളിൽ എത്രപേർക്ക് വീതം തൊഴിൽ നൽകാനാകുമെന്ന് പറയാമോ ;

(ഇ) സംസ്ഥാനത്തൊട്ടാകെ സംയോജിത ശിശുവികസന പദ്ധതി വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) സംയോജിത ശിശുവികസന പദ്ധതിയിൽ ഉൾപ്പെടാതിരുന്ന വികസന ബ്ലോക്കുകളെ കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) സംയോജിത ശിശുവികസന പദ്ധതിയുടെ മൂന്നാംഘട്ട പ്രോജക്ടുകൾ എവിടെയൊക്കെയാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(എച്ച്) സംസ്ഥാനത്ത് അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമം മുൻനിർത്തിയും എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly